അപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രികളിൽ എത്തിക്കുന്നതിനുള്ള ചെലവ്

259 (2134) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രികളിൽ എത്തിക്കുന്നതിന്റെ ചെലവ് പോലീസ് വഹിക്കുമെന്ന ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രസ്താവന നടപ്പിൽ വരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രഖ്യാപനം അനുസരിച്ച് നാളിതുവരെ എത്ര കേസ്സുകളിലായി, എത്ര രൂപ ചെലവ് വരുകയുണ്ടായി ;

(സി) അപകടത്തിൽപ്പെടുന്നവരെ ആശുപത്രികളിലെത്തിക്കാനുള്ള ചെലവ് ഏത് ഹെഡിൽ നിന്നാണ് ചെലവഴിക്കാൻ തീരുമാനിച്ചിരിക്കുന്നത് ?

ഉത്തരം

(എ-സി) അപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രികളിൽ എത്തിക്കുന്നതിന്റെ ചെലവ് പോലീസ് വഹിക്കുമെന്ന നിർദ്ദേശം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനായുള്ള പരിശോധനകൾ നടന്നു വരുന്നു.

2013-14 വർഷങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട വിവിധ കേസ്സുകൾ

260 (2135) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട റോഡപകടങ്ങൾ, ഗാർഹിക പീഡനങ്ങൾ, ക്രിമിനൽ കേസ്സുകൾ, കൊലപാതകങ്ങൾ, സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ എന്നിവ സംബന്ധിച്ച കണക്ക് വെളിപ്പെടുത്തുമോ ;

(ബി) 2014 ജനുവരി 1 മുതൽ മാർച്ച് 31 വരെ ഇത്തരം എത്ര എണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) 2014 ഏപ്രിൽ 1 മുതൽ ഒക്ടോബർ 31 വരെ ഇത്തരം എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	റോഡപകടങ്ങൾ	35 215
	ഗാർഹികപീഡന കേസ്സുകൾ	4,983
	ക്രിമിനൽ കേസ്സുകൾ	583182
	കൊലപാതക കേസ്സുകൾ	372
	സ്ത്രീകൾക്കുനേരെയുള്ള അതിക്രമ കേസ്സുകൾ	13738
(ബി)	റോഡപകടങ്ങൾ	9327
	ഗാർഹികപീഡന കേസ്സുകൾ	1339
	ക്രിമിനൽ കേസ്സുകൾ	169602
	കൊലപാതക കേസ്സുകൾ	81
	സ്ത്രീകൾക്കുനേരെയുള്ള അതിക്രമ കേസ്സുകൾ	3863
(സി)	റോഡപകടങ്ങൾ	20594
	ഗാർഹികപീഡന കേസ്സുകൾ	2872
	ക്രിമിനൽ കേസ്സുകൾ	348685
	കൊലപാതക കേസ്സുകൾ	180
	സ്ത്രീകൾക്കുനേരെയുള്ള അതിക്രമ കേസ്സുകൾ	7880